LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും

66 (5201) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി അനുവദിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും പ്രവേശനം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദ മാക്കാമോ ;

(ബി) പ്രവേശനം പൂർത്തിയാക്കി, ക്ലാസ്സുകൾ എന്നാരംഭിക്കുമെന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഏകജാലക പ്രവേശന സംവിധാനംവഴി പ്രവേശനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അന്തിമ തീരുമാനം ആയിട്ടില്ല.

പ്ലസ് വൺ പ്രവേശനത്തിന് സി.ബി.എസ്.ഇ. പാസ്സായ കുട്ടികൾക്ക് പ്രത്യേക അലോട്ട്മെന്റ്

67 (5202) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏകജാലക സംവിധാനത്തിലൂടെ പ്ലസ് വൺ പ്രവേശനത്തിന് സി.ബി.എസ്.ഇ പാസ്സായ കുട്ടികൾക്ക് പ്രത്യേക അലോട്ട്മെന്റ് നടത്തും എന്ന പ്രഖ്യാപനം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) സി.ബി.എസ്.ഇ. പരീക്ഷ ജയിച്ച് പ്ലസ് വൺ പ്രവേശനത്തിന് കാത്തിരിക്കുന്ന എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ പ്ലസ് വൺ പ്രവേശനം ഏത് രീതിയിലാണ് നടപ്പാക്കു ന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സി.ബി.എസ്.ഇ. പാസ്സായ വിദ്യാർത്ഥികൾക്കുകൂടി അപേക്ഷ നൽകുവാനും അർഹതയുള്ള സ്കൂളുകളിൽ പ്രവേശനം നൽകുവാനുമുള്ള നടപടിയെടുത്തിട്ടുണ്ട്. ഈ അപേക്ഷകൾ പരിഗണിച്ച് ജൂലൈ 20-ന് അലോട്ട്മെന്റ് നൽകിക്കഴിഞ്ഞു.

(ബി) സി.ബി.എസ്.ഇ. പാസ്സായ വിദ്യാർത്ഥികളിൽ 4939 പേർ ഏക ജാലക രീതിയിലുള്ള പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) മുഖ്യ അലോട്ട്മെന്റുകളിലെന്നപോലെ മെരിറ്റും, സംവരണ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയായിരിക്കും സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെയും പ്ലസ് വൺ പ്രവേശനം നടത്തുന്നത്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവേശനത്തിന് തടസ്സം

68 (5203) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയതലത്തിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും കേരളത്തിൽ നിയമാനുസൃതമായി നടത്തിവരുന്നതുമായ സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് 10-ാം ക്ലാസ്സ് ജയിച്ചുവരുന്ന വിദ്യാർത്ഥികളെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസ്സിൽ മറ്റു കുട്ടികളോടൊപ്പം പ്രവേശിപ്പിക്കാതിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സർക്കാരിന്റെ നിർദ്ദേശമായിരുന്നോ ;

(സി) എങ്കിൽ ഇങ്ങനെയൊരു നിർദ്ദേശം കൊടുക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശപ്രകാരമല്ലെങ്കിൽ പ്രസ്തുത നടപടിയെ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാവുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സി.ബി.എസ്.ഇ. തുടങ്ങിയ ദേശീയ തലത്തിലുള്ള ബോർഡുകളുടെ പരീക്ഷകൾ പാസ്സായ വിദ്യാർത്ഥികൾക്കുകൂടി പ്ലസ് വൺ പ്രവേശനം ലഭിക്കുന്നകാര്യം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറിയാക്കി ഉയർത്തിയ സ്ക്കൂളുകൾ

69 (5204) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര ഹൈസ്ക്കൂളുകൾ ഹയർ സെക്കണ്ടറിയാക്കി ഉയർത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ എത്ര ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചു ; ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly